# ACADEMIC MASTER PLAN
# 2025-2026



## SHANMUKHA VILASOM
## HIGHER SECONDARY SCHOOL
## CLAPPANA, KARUNAGAPPALLY
## KOLLAM - 690525

Scanned with OKEN Scanner

## ആമുഖം

ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാന ശിലയായി കണക്കാക്കപ്പെടുന്നത് വിദ്യാഭ്യാസമാണ്. വിദ്യാർത്ഥികളുടെ മൂല്യബോധം, സാമൂഹ്യ ഉത്തരവാദിത്വം, ജ്ഞാന വികസനം, എന്നിവ വളർത്തുന്നതിനും ആധുനിക ലോകത്തെ പ്രതിസന്ധികളെ നേരിടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ആവശ്യമായി വരുന്നത്. വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ച, അധ്യാപന രീതികളുടെ നവീകരണം, പഠന പ്രവർത്തനങ്ങൾ വിലയിരുത്തൽ, സഹപാഠ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയാണ് സമഗ്രമായ വിദ്യാഭ്യാസ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാർത്ഥികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് മുഴുവൻ സാധ്യതയും ഉണർത്തപ്പെടും. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം ശക്തിപ്പെടുത്തി വിദ്യാലയത്തെ ഒരു സമഗ്ര ഗുണമേന്മ വിദ്യാലയമായി പ്രാപ്തമാക്കാൻ അക്കദമിക് മാസ്റ്റർ പ്ലാൻ സഹായകമാകും.



Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

കരുനാഗപ്പള്ളി താലൂക്കിലെ തീരദേശ പഞ്ചായത്തായ ക്ലാപ്പനയിൽ 1918ൽ ശ്രീ ഷണ്മുഖപ്പണിക്കർ സ്ഥാപിച്ച സംസ്കൃത വിദ്യാലയം 1948-ൽ നാലാം ക്ലാസ് വരെയുള്ള എൽ പി സ്കൂളായി മാറുകയായിരുന്നു. 1960-ൽ യുപി സ്കൂളായും 1964ൽ ഹൈസ്കൂളായും 1998-ൽ ഷണ്മുഖവിലാസം ഹയർ സെക്കൻഡറി സ്കൂളായും ഉയർത്തപ്പെട്ടു. ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശത്താൽ അനുഗ്രഹീതമാണ് ഈ വിദ്യാലയം. ഏഴേക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിൽ 37 ക്ലാസ് മുറികളും ഹയർ സെക്കൻഡറി 24 ക്ലാസ് മുറികളും, കരുനാഗപ്പള്ളി താലൂക്കിലെ ഏറ്റവും വലിയ കളിസ്ഥലം ഉള്ള വിദ്യാലയമാണിത് .ഇൻററർനെറ്റ് സംവിധാനത്തോടെ 50 ഓളം കമ്പ്യൂട്ടറുകളുള്ള ഒരു ലാബ് സ്കൂളിൽ ഉണ്ട് .ഏഷ്യയിലെ ഏറ്റവും വലിയ ഓപ്പൺ പോർട്രേറ്റ് ഗാലറി ഈ സ്കൂളിലാണ് സ്ഥിതിചെയ്യുന്നത്. എസ് പി സി, നേവൽ എൻസിസി, സ്കൗട്ട് ആൻഡ് ഗൈഡ്സ്, എൻഎസ്എസ്, സൗഹൃദ കരിയർ ഗൈഡൻസ് യൂണിറ്റുകൾ, കാർഷികക്ലബ്ബ്, ഇളംമൊഴികൾ ഇൻലന്റ് മാസിക, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിക്കുന്നു. വിവിധ പാഠ്യേതര വിഷയങ്ങളിൽ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു .സ്കൂൾ കലോത്സവങ്ങളിൽ ഗ്രൂപ്പ് ഐറ്റങ്ങളിൽ നിരവധി ഇനങ്ങളിൽ എ ഗ്രേഡ് വാരിക്കൂട്ടിയ വിദ്യാലയമാണിത്. സ്കൂളിന് സ്വന്തമായി ഒരു ബാൻഡ് ട്രൂപ്പ് ഏർപ്പെടുത്തിയതും ഈ അടുത്ത സമയത്താണ്. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി ഇൻററർനെറ്റ് യുഗത്തിൽ വിദ്യാർത്ഥികൾക്ക് ലോക വിദ്യാഭ്യാസ സമൂഹവുമായി ബന്ധപ്പെട്ട് വിജയം ആർജിക്കുന്നതിനുള്ള എം വൈബ് ഏരിയയിൽ ഡിജിറ്റൽ തീയറ്റർ സിസ്റ്റം സ്ഥാപിച്ചിരിക്കുകയാണ്. 100% എസ്എസ്എൽസി വിജയം കൈവരിച്ച് സ്കൂൾ മുന്നേറ്റം തുടരുന്നു. പ്രിൻസിപ്പൽ എസ് ഷീജയും പ്രഥമ അധ്യാപകൻ എസ് സജികുമാറും ആണ്. എസ് ജയചന്ദ്രനാണ് സ്കൂൾ മാനേജർ.



Scanned with OKEN Scanner




## ലക്ഷ്യങ്ങൾ


- വിദ്യാലയത്തിലെ അക്കാദമിക ലക്ഷ്യങ്ങൾ സംബന്ധിച്ച് കാഴ്ചപ്പാടുകൾ വികസിപ്പിക്കുക.
- പോരായ്മകൾ, മികവുകൾ, പോരായ്മകളുടെ കാരണങ്ങൾ കണ്ടെത്തി സൂക്ഷ്മമായി പരിശോധിക്കുക.
- പരിഹാര പ്രവർത്തനങ്ങളും മാർഗങ്ങളും നിർദ്ദേശിക്കുക.
- പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ചുമതലകൾ നൽകുക. സമയക്രമം തയ്യാറാക്കുക.
- പ്രതിമാസ ആസൂത്രണവും അവലോകനവും നടത്തുക.
- സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുക.



Scanned with OKEN Scanner

## നേട്ടങ്ങൾ /മികവുകൾ

- എഡ്യുക്കേഷണൽ 3ഡി തിയേറ്റർ
- കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരവധി പ്രോജക്ടുകൾ സ്കൂളിൽ സ്പോർട്സ് മേഖലയിൽ നടപ്പാക്കി കൊണ്ടിരിക്കുന്നു.
- കരാട്ടെ /ഫിസിക്കൽ ട്രെയിനർ /യോഗ ട്രെയിനർ/ മാനസിക ശാരീരിക ആരോഗ്യം വർധിപ്പിക്കാൻ യോഗ പരിശീലനം.
- തുടർച്ചയായി 100% എസ്എസ്എൽസി വിജയം
- മികച്ച ശാസ്ത്ര സാമൂഹിക ശാസ്ത്ര ലാബുകൾ
- വളരെ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് മൈക്രോ ടീച്ചിംഗ്
- ഫുൾ ടൈം കൗൺസിൽ സേവനം
- 15,000 ത്തോളം പുസ്തകങ്ങൾ ഉള്ള വിശാലമായ ലൈബ്രറി
- വിശാലവും നൂതനവുമായ കമ്പ്യൂട്ടർ ലാബ്




**എഡ്യുക്കേഷണൽ 3ഡി തിയേറ്റർ**



Scanned with OKEN Scanner

## വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ/ സംഘടനകൾ

- വിദ്യാരംഗം കലാസാഹിത്യവേദി
- ജെ ആർ സി
- വിമുക്തി ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്
- അക്വാ ക്ലബ്ബ്
- ഹെൽത്ത് ക്ലബ്
- ഗണിതം
- സാമൂഹ്യശാസ്ത്രം
- ശാസ്ത്ര ലാംഗ്വേജ് ക്ലബ്ബുകൾ ഹരിത സഭ
- സ്കൂൾ ജഗ്രതാ സമിതി
- എസ് പി സി



Scanned with OKEN Scanner

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി. യോഗത്തിൽ എസ്.വി.എച്ച്.എസ്.എസ് - വിഷൻ 2025 - 26എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം -അക്കാദമികം -സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ RG, SMC, PTA, MPTA, ജനപ്രതിനിധികൾ അവതരിപ്പിക്കൽ. തുടങ്ങിയ വരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

**ഭൗതികം:**

- ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഉണ്ട്

## വിദ്യാലയവും പരിസരവും

- സ്കൂളിന് പൂന്തോട്ടമുണ്ട് നന്നായി സംരക്ഷിക്കുന്നു
- പരിസരം വൃത്തിയോടെയും വെടിപ്പോടെയും സംരക്ഷിക്കുന്നു.
- സ്കൂൾ ക്ലബുകൾ, കുട്ടികൾ, അധ്യാപകർ എല്ലാവരുടെയും സംയുക്തസേവനം ഉറപ്പുവരുത്തുന്നു.



Scanned with OKEN Scanner

- പഴ വർഗ്ഗത്തോട്ടം, പൂമരത്തോട്ടം, എന്നീ ആശയങ്ങൾ നടപ്പിൽ വരുത്താൻ ആരംഭിച്ചു.
- നട്ടമരങ്ങൾ : ചെമ്പകം, കണിക്കൊന്ന, അശോകം, പേര, കണിക്കൊന്ന, ചാമ്പ, മാവ്, ലൗലോലി, റംബൂട്ടാൻ തുടങ്ങിയ തൈകൾ തൈകൾ ആശാക പരിപാലിക്കുന്നു.
- പച്ചക്കറിത്തോട്ടം ആരംഭിക്കാൻ പ്രവർത്തനം നടക്കുന്നു.
- ശുദ്ധ ജല വിതരണത്തിന് മഴവെള്ള സംഭരണി, ടാങ്കുകൾ ഇവ ഉപയോഗിക്കുന്നു.

**വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്**

- 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ച തിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.



Scanned with OKEN Scanner

**ഭൗതികം – പരിമിതികൾ**

- ഗണിത ലാബ് വിപുലപ്പെടുത്തണം
- ശൗചാലയം ആധുനിക രീതിയിലാക്കണം
- ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്.
- ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്

**നേട്ടങ്ങൾ**

**അക്കാദമികം**

അക്കാദമിക മികവിന്റെ പ്രധാനപ്പെട്ട അളവുകോൽ റിസൾട്ട് ആയതിനാൽ അതിനു നിലവാരമുയർത്താൻ നിരവധി പ്രവർത്തനങ്ങൾ നടത്തി.
എസ്.എസ്.എൽ.സി. 100% വിജയം തുടർച്ചയായി നേടുന്നു.

**ലക്ഷ്യം**

എല്ലാ വിദ്യാർത്ഥികളെയും പഠന മികവിന്റെ ഉയരങ്ങളിലെത്തിക്കുക.
എല്ലാ വിഷയങ്ങൾക്കും എല്ലാ ക്ലാസ്സുകാർക്കും സമ്പൂർണ്ണ വിജയം ലക്ഷ്യം.

**ത്രിഡി ഡിജിറ്റൽ തിയേറ്റർ**

കേട്ടറിവിനേക്കാൾ കണ്ടറിഞ്ഞ് പഠിക്കുക, ശാസ്ത്രീയമായ പഠന രീതി ലക്ഷ്യമിട്ട് 70 സീറ്റിംഗ് കപ്പാസിറ്റിയിൽ 3D ഡിജിറ്റൽ തീയേറ്റർ ആരംഭിച്ചു. ഇതിലൂടെ നവീനമായ പരിപാടികൾ പ്ലാൻ ചെയ്ത് വരുന്നു.

**കൂടെയുണ്ട് അമ്മ**

സ്കൂളിൽ 'കൂടെയുണ്ട് അമ്മ' എന്ന പേരിൽ അമ്മ മാർക്കായി ക്ലാസ്സ് സംഘടിപ്പിച്ചു കൗമാര മനസ്സിന്റെ വിഹ്വലതകളും ആകുലതകളും ഉത്കണ്ഠകളും വേവലാതികളും ശരിയായ രീതിയിൽ തിരിച്ചറിഞ്ഞ് അവരെ നേരായ രീതിയിൽ നയിക്കാൻ സ്കൂൾ അധ്യാപകരെപ്പോലെ അമ്മമാരും തയ്യാറാകണം. Internet ന്റെവരവിന് ശേഷം കുട്ടികളുടെ മാനസിക ബൗദ്ധിക വളർച്ചയോടൊപ്പം അവരെ നയിക്കേണ്ടത് അമ്മമാരുടെ കടമയാണ്.

**ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു**

നാനാ തരത്തിലുള്ള സംഘർഷങ്ങളിലൂടെയാണ് നമ്മുടെ കുട്ടികൾ കടന്നുപോകുന്നത് എന്ന തിരിച്ചറിവിൽ, അവരുടെ വിഷമങ്ങ ളും,മനപ്രയാസങ്ങളും അകറ്റാൻ ഫലപ്രദമായ കൗൺസിലിംഗ് സംവിധാനം സ്കൂളുകളിൽ ഏർപ്പെടുത്തി. അതുവഴി കുട്ടികളുടെ വീടുകളിലെ പ്രശ്ങ്ങൾ പോലും പരിഹരിക്കപ്പെട്ടിട്ടുണ്ട്.

**ഷോർട്ട് ഫിലിം ഇൻജ്യൂറിയസ് ടു ലൈഫ്**

ജില്ലാ എക്സൈസ് ഓഫീസർ എം. നൗഷാദ് ആദ്യപ്രദർശനം ഉദ്ഘാടനം ചെയ്തു. പൊതുസമൂഹത്തിലും പൊതുഇടങ്ങളിലും പ്രദർശിപ്പിക്കുന്നു. സ്കൂൾ തയ്യാറാക്കിയ ഷോർട്ട് ഫിലിമാണിത് ലഹരിമുക്ത സമൂഹമെന്ന കാഴ്ചപ്പാടോടെ

**സൈബർ ലോകവും കൗമാരവും**

എക്സൈസ് ഓഫീസർ എൻ.രവികുമാർ കുട്ടികൾക്ക് സൈബർ ലോകവും കൗമാരവും എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സ് നൽകി. ലഹരി ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങളെ പ്പറ്റി കുട്ടികളെ ബോധവാൻമാരാക്കി. ലഹരിക്കെതിരെ പോരാടുക എന്ന ലക്ഷ്യത്തോടെ ലഹരി വിരുദ്ധ ഫ്ളാഷ്മോബ് ലഘു ലേഖവിതരണം സംവാദം(എക്സൈസ് ഓഫീസേഴ്സു മായി) എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

**പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)**

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

**മോണിട്ടറിംഗ് രീതി**

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ., എസ്.ആർ.ജി. എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു



Scanned with OKEN Scanner

- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം , എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ്എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.



Scanned with OKEN Scanner

# അക്കാദമികം

**മേഖല 1 മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പറമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവ ങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കു കയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വർദ്ധിക്കുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരു | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്ത കൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടി കൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ കൃതികളോടും അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ്<br>മലയാളം അധ്യാപകർ | പി.ടി.എ |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടു ക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ – കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാ പകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ | അക്കാദമിക് വർഷം | പി.ടി.എ., സ്കൂൾ | പി.ടി.എ. |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാ സനകളെ പരിപോഷി പ്പിക്കൽ | അവതരിപ്പിക്കാൻ അവസരം നൽകുന്നു വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | | | |

| മേഖല 2 ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear: ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോ ജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനു സരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News: ഇംഗ്ലീഷ് റേഡിയോ വാർത്തകൾ ഒറെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Missing Man: അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു തുടർന്ന് അധ്യാപിക യുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | അധ്യാപികയുടെ ഭാഗം മറ്റ് കുട്ടി കൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു.<br><br>Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിദിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു പോയിൻറ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Meet the Foreigner info വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു: | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | | ഇംഗ്ലീഷ് അധ്യാപകൻ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി എണിയുടെ ഉയരങ്ങൾ കീഴട ക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets: കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങൾ | ഇംഗ്ലീഷ് അധ്യാപകൻ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തു | Run Baby Run: ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda: കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവി ധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ<br>പി. ടി. എ.<br>ഭാരവാഹികൾ<br>രക്ഷിതാക്കൾ | |

മേഖല 3 ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5, 6, 7 ക്ലാസ്സ് അക്ഷര ബോധം ഉറപ്പി ക്കൽ ഹിന്ദി അഞ്ചാം തരം | പുതിയ , പദ്യങ്ങൾ ചൊല്ലി അതയൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| മുതൽ ആഗ്രഹിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക | **ചിത്രങ്ങൾ , അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷരമാല കാണിക്കൽ എന്നിവ.** | | | |
| ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | **നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും** | **ജൂൺ മുതൽ ഫെബ്രുവരി വരെ** | **ഹിന്ദി അധ്യാപകർ** | |
| **ഹിന്ദി സംസാരം**<br>ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസ്ാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും<br><br>വായനയ്ക്ക്..........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും<br><br>Readery fight മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു | **ജൂൺ മുതൽ ഫെബ്രുവരി വരെ** | **ഹിന്ദി അധ്യാപകർ** | |



Scanned with OKEN Scanner

**മേഖല 4 ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ്, മഞ്ചാ ടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്.......... ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ്, പി. ടി. എ. |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | പി. ടി. എ. |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാ ക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ. ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | **ആഴ്ചയിൽ ഒരു പിരീഡ്** | **ഗണിത അധ്യാപകരും സമർഥരായ കുട്ടികളും** | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പി ക്കുന്നു | **ആവശ്യാനുസരണം** | SRG | |



Scanned with OKEN Scanner

| മേഖല 5 സയൻസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ . | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്:**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | **അക്കാദമിക വർഷം** | ശാസ്ത്രാധ്യാപകർ<br>ഊർജ്ജക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | **പി. ടി. എ.** |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | **ജൂലൈ** | ശാസ്ത്രാധ്യാപകർ<br>ഊർജ്ജക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | **രക്ഷിതാക്കൾ** |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | **ജൂൺ മുതൽ** | ശാസ്ത്രാധ്യാപകർ<br>ഊർജ്ജക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം | **മാസ്റ്റർ മൈൻഡ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട | **അക്കാദമിക വർഷം** | ശാസ്ത്രാധ്യാപകർ<br>ഊർജ്ജക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>എക്സ്പ്ലോ - എക്സ്പ്ലോർ<br>ആധുനീക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | **അക്കാദമിക വർഷം** | ശാസ്ത്രാധ്യാപകർ | **സയൻസ് ക്ലബ്ബ്** |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **വിസ്മയ യാത്ര** | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക.<br><br>4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷ ണോത്സുകത വർദ്ധിപ്പിക്കൽ ☐ | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.<br><br>Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു 30 പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത എൗഹഹല്യശില പോലെയുള്ള മൂല കങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു<br><br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം, ISRO സന്ദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| മേഖല 6 സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്– കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു<br><br>**ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു | | | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തി | നന്മയുടെ നുറുങ്ങുവെട്ടം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങ ളിൽ ആശ്വാസഹസ്തമാകുന്നു | | | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽപ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആദിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇട പെടലുകൾക്ക് വിധേയമായ കാവുകൾ, ക്വാർക്കാടു കൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |



Scanned with OKEN Scanner

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഐ.ടി. അധിഷ്ഠിത പഠനത്തിലേക്ക്**

**ലക്ഷ്യങ്ങൾ**

- എല്ലാ അദ്ധ്യാപകരെയും ഐ.ടി അധിഷ്ഠിത ബോധനത്തിന് പ്രാപ്തമാക്കൽ
- എല്ലാ കുട്ടികളെയും ഐ.ടി. സാക്ഷരരാക്കുക
- ഐ.ടി. അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക

**പ്രവർത്തനങ്ങൾ**

- അദ്ധ്യാപകർക്ക് 2 ദിവസത്തെ ഐ.ടി. പരിശീലനം
- മലയാളം ഇംഗ്ലീഷ് ടൈപ്പ് ചെയ്യൽ
- ഫയലുകൾ ഫോൾഡറുകളായി സൂക്ഷിക്കുന്നതിന്
- സി.ഡി., ഡി.വി.ഡി., പെൻ ഡ്രൈവ് എന്നിവയിലേക്ക് കോപ്പി ചെയ്യൽ
- പേജുകൾ സെറ്റ് ചെയ്യൽ പ്രിൻ്റ് എടുക്കൽ
- ഫയൽ, ഓഡിയോ, വീഡിയോ എന്നിവ എഡിറ്റ് ചെയ്യൽ
- ഉബൻഡുവിലെ കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കൽ
- ഇൻ്റർനെറ്റ് ഉപയോഗിക്കുന്ന രീതികൾ
- വിവരങ്ങൾ, ചരിത്രങ്ങൾ, ഓഡിയോ, വീഡിയോ എന്നിവ കണ്ടെത്തുന്നതിനു ഡൗൺലോഡ് ചെയ്തു സൂക്ഷിക്കുന്നതിനും
- എൽ.സി.ഡി. പ്രൊജക്ടർ ഉപയോഗിക്കുന്ന വിധം
- കുട്ടികൾക്ക് ഐ.ടി. പരിശീലനം
- പഠനശാലകൾ ഐ.ടി. അധിഷ്ഠിതമായി അവതരിപ്പിക്കൽ
- എല്ലാ പാഠങ്ങളുമായി ബന്ധപ്പെട്ട ഐ.ടി. വിഭവങ്ങൾ തയ്യാറാക്കുക.



Scanned with OKEN Scanner

**മേഖല : അക്കാദമികം**

**ഉപമേഖല : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ**

**ലക്ഷ്യങ്ങൾ**

- അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരം ഒരുക്കൽ
- പഠനം ലളിതവും രസകരവുമാക്കി മാറ്റൽ
- അറിവുനിർമ്മാണത്തിന് അവസരം സൃഷ്ടിക്കൽ
- സ്വയം പഠനത്തിനും സൃഷ്ടിപരതയ്ക്കും കൂടുതൽ പ്രാധാന്യം നൽകൽ

**പ്രവർത്തനങ്ങൾ**

- വിദ്യാലയത്തിൽ വിവിധ ലാബുകൾക്ക് പ്രത്യേക സ്ഥലം കണ്ടെത്തുക.

A ഭാഷാ ലാബ് സജ്ജമാക്കുക

- ഇംഗ്ലീഷ്/മലയാളം ഭാഷകൾ സ്വായത്തമാക്കുന്നതിനാവശ്യമായ ഉദ്ഗ്രന്ഥിത ലാബ്
- വിവിധതരം നോട്ടീസ്, പോസ്റ്റർ etc. ശേഖരിക്കുക പ്രദർശിപ്പിക്കുക.
- കഥകൾ, കവിതകൾ എന്നിവയുടെ ചാർട്ടുകൾ
- വിവിധതരം വസ്തുക്കളുടെ ചിത്രചാർട്ടുകൾ
- എല്ലാ വസ്തുക്കൾക്കും ഇംഗ്ലീഷ് / മലയാളം ലേബലുകൾ
- അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള പഠനോപകരണങ്ങൾ
- വിവിധ ഭാഷകൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുക (പാമ്പും ഗോവണി, അക്ഷരകാർഡ്, പദതംബോല etc.)
- മഹത് വചനങ്ങൾ എഴുതി പ്രദർശിപ്പിക്കുക
- കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ഇവ എഴുതി പ്രദർശിപ്പിക്കുക.
- ചിത്രം വരയ്ക്കുവാനാവശ്യമായ സാമഗ്രികൾ (Crayons, Sketch, Brush, Water color etc)
- ഓഡിയോ, വീഡിയോ സിഡികൾ ഒരുക്കുക.



Scanned with OKEN Scanner

- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷൻസ്
- ലാപ്ടോപ്പ്
- ഭാഷാ ലൈബ്രറി

B ശാസ്ത്രലാബ് സജ്ജമാക്കിൽ

- ആവശ്യമായ സാമഗ്രികൾ, രാസവസ്തുക്കൾ പട്ടികയാക്കൽ
- ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട ലഘുപരീക്ഷണങ്ങൾ, അവയ്ക്കാവശ്യമായ സാമഗ്രികൾ എന്നിവ മുൻകൂട്ടി പട്ടികയാക്കുക.
- കുട്ടികളുടെ പങ്കാളിത്തത്തോടെ പരീക്ഷണ സാമഗ്രികൾ ശേഖരിക്കുക.
- കുട്ടികൾക്ക് സ്വയം പരീക്ഷണം ചെയ്യാനാവും വിധം ക്ലബ് ക്രമീകരിക്കുക.
- Improvised apparatus കുട്ടികൾ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർ ചേർന്ന് സംയുക്തമായി നിർമ്മിക്കുക.
- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മോഡലുകൾ
- ജീവികൾ, ചെടികൾ, പൂക്കൾ എന്നിവയുടെ ടുലരശാലിെ.
- ശാസ്ത്ര ലൈബ്രറി ഒരുക്കൽ

C ഗണിതശാസ്ത്ര ലാബ് തയ്യാറാക്കൽ

- അടിസ്ഥാന ഗണിതാശയ രൂപീകരണത്തിന് സഹായമായ സാമഗ്രികൾ പട്ടികയാക്കൽ.
- കുട്ടികളുടെ സഹായത്തോടെ ഇവ ശേഖരിക്കുക.
- ഓരോ യൂണിറ്റിലും ഗണിതാശയ രൂപീകരണത്തിനാവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യുക.
- ഗണിത കേളികൾക്കാവശ്യമായ സാധന സാമഗ്രികൾ തയ്യാറാക്കുക വിവിധ ക്രിയകൾ വ്യത്യസ്ത രീതിയിൽ ചെയ്യുന്നതിന്റെ പ്രക്രിയാ ചാർട്ടുകൾ
- ഗണിത കുസൃതി, പസിലുകൾ പ്രശ്നങ്ങൾ, കഥകൾ പാട്ടുകൾ
- തുടങ്ങിയവയുടെ ചാർട്ടുകൾ



Scanned with OKEN Scanner

- വിവിധ ജാമിതീയ നിർമ്മിതികൾ
- പ്രകൃതിയിലെ ഗണിതങ്ങൾ, ചിത്രങ്ങൾ
- ഗണിത ലൈബ്രറി



Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല : പഠനമികവ്

**ലക്ഷ്യങ്ങൾ**

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ
- എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കൽ
- രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കൽ
- കുട്ടികളിലെ അലസത മറികടക്കുക (കർമ്മജ്വാല)

**പ്രവർത്തനങ്ങൾ**

- പ്രീടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.
- വിഷയാടിസ്ഥാനത്തിൽ കുട്ടികളെ തരംതിരിക്കുകയും ബന്ധപ്പെട്ട
- അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു.
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക കുടുംബ പശ്ചാത്തലം മനസ്സിലാക്കുക
- പഠനം മെച്ചപ്പെടുത്താൻ പ്രത്യേക മോഡ്യൂൾ തയ്യാറാക്കുക.
- രാവിലെ 9 മുതൽ 9.40 വരെയും വൈകുന്നേരം 3.35 മുതൽ 5 മണി വരെയും ക്ലാസുകൾ നടത്തുന്നു
- വാരാന്ത്യങ്ങളിൽ post test നടത്തി പഠന പുരോഗതി അറിയിക്കുക
- എല്ലാ മാസവും SRG കൂടി ആസൂത്രണം നടത്തുക.
- പഠനത്തിനാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുക.
- SSG രൂപീകരണം
- എല്ലാമാസവും Unit test നടത്തുക.
- അടിസ്ഥാന ഗണിതാശയ രൂപീകരണത്തിന് സഹായമായ സാമഗ്രികൾ പട്ടികയാക്കൽ.



Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല : ആരോഗ്യ വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

- പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും കൊടുക്കുന്ന സ്പെഷ്യൽ കോച്ചിംഗ്.
- ആ കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരിക
- പഠനത്തിൽ താല്പര്യമുള്ളവരാക്കുക.
- മെച്ചപ്പെട്ട ഗ്രേഡുകൾ നേടാൻ സഹായിക്കുക.

**പ്രവർത്തനങ്ങൾ**

- ചോദ്യപേപ്പറുകൾ പരിചയപ്പെടുത്തുകയും ഉത്തരങ്ങൾ കണ്ടെത്തി എഴുതിക്കുകയും ചെയ്യുന്നു
- ഗ്രൂപ്പുകൾ തിരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു
- പ്രയാസമേറിയ പാഠഭാഗങ്ങൾ വീണ്ടും വീണ്ടും പഠിപ്പിക്കുന്നു
- വർക്ക് ഷീറ്റ് ചെയ്യുന്നു
- വീടുകളിൽ മോശമായ സാഹചര്യം ഉള്ളവർക്ക് തനിയെ ഇരുന്നു പഠിക്കാനും അവസരം



Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല : അധികക്ലാസ്സ്

ലക്ഷ്യങ്ങൾ

- കുട്ടികളുടെ മാനസിക വളർച്ച ഉറപ്പുവരുത്തൽ
- മാനസിക വ്യായാമത്തിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കൽ
- എല്ലാ കുട്ടികളുടെയും ആരോഗ്യക്ഷമത ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ.

- എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പാക്കൽ
- എല്ലാ ദിവസവും നിശ്ചിതസമയം ഓടാനും ചാടാനും എറിയാനും അവസരം ഒരുക്കൽ
- കായികക്ഷമതാ ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ
- വിവിധ വ്യായാമ മുറകളിൽ പരിശീലനം
- ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം
- ആഴ്ചയിലൊരിക്കൽ മോബ് ഡ്രിൽ



Scanned with OKEN Scanner

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **പ്രവൃത്തി പരിചയ പഠനം**

**ലക്ഷ്യങ്ങൾ**

- പഠനത്തോടൊപ്പം വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം
- പരിസര മലിനീകരണത്തിനു കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ശാസ്ത്രീയ പുനരുപയോഗം.
- കുട്ടികളുടെ ചിന്ത, ഭാവന, എന്നിവ വികസിക്കാൻ അവസരം ഒരുക്കൽ

**പ്രവർത്തനങ്ങൾ**

- പ്രവൃത്തി പരിചയ ഇനങ്ങൾ ചെയ്യാൻ താല്പര്യമുള്ളവരുടെ പട്ടിക തയ്യാറാക്കൽ
- ഇവരെ പങ്കെടുപ്പിച്ച് വിദ്യാലയത്തിൽ ഏകദിന പരിശീലനം
- ഇവർക്ക് പരിശീലിപ്പിക്കാൻ കഴിയുന്ന ഇനങ്ങൾ, ആവശ്യമായ സാധനങ്ങൾ, പരിശീലനം നൽകാൻ കഴിയുന്ന തീയതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശീലന പരിപാടി തയ്യാറാക്കുന്നു
- വിദഗ്ദരായ അധ്യാപകരെ ഉപയോഗപ്പെടുത്തി പരിശീലനം മികവുറ്റതാക്കൽ
- രക്ഷിതാക്കൾക്ക് താല്പര്യമുള്ള ഇനങ്ങളിൽ പരിശീലനം



Scanned with OKEN Scanner

**നിരന്തര വിലയിരുത്തൽ**

- സ്വയം വിലയിരുത്തൽ
- പരസ്പരം വിലയിരുത്തൽ
- ഓരോ പ്രവർത്തനങ്ങൾക്ക് ശേഷവും അധ്യാപകർ കുട്ടികളെ വിലയിരുത്തുകയും Teaching manual - ൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

- Unit Test കൾ നടത്തുകയും സ്കൂൾ തലത്തിലുള്ള പ്രത്യേക ഫോർമാറ്റ് - ൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.
- Termly Evaluation നടത്തുകയും Progress Report - ൽ രേഖപ്പെടുത്തി, ക്ലാസ് പി.റ്റി.എ. യിൽ വിലയിരുത്തുകയും ചെയ്യുന്നു.
- SRG യിൽ വിലയിരുത്തുന്നു.
- SSG, Cluster തല വിലയിരുത്തൽ നടത്തുന്നു.
- 10 - ാം ക്ലാസിലെ കുട്ടികൾക്കു പ്രത്യേക പരിഗണന നല്കി. മോഡൽ പരീക്ഷകൾ, ക്ലാസ് ടെസ്റ്റുകൾ തുടങ്ങിയവ നടത്തുന്നു.
- പിന്നോക്കം നിൽക്കുന്ന 5,6,7,8 എന്നീ ക്ലാസിലെ കുട്ടികൾക്കായി പ്രത്യേക പരിശീലന പദ്ധതി നടത്തുന്നു.



Scanned with OKEN Scanner

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

സമഗ്ര ഗുണമയ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട 2024 – 25 വർഷത്തെ വാർഷിക പരീക്ഷയിൽ 30% മാർക്ക് കരസ്ഥമാക്കാൻ സാധിക്കാത്ത കുട്ടികൾക്ക് ഏപ്രിൽ എട്ടാം തീയതി മുതൽ ഇരുപത്തിനാലാം തീയതി വരെ ക്ലാസുകൾ എടുക്കുകയും 25– ാം തീയതി മുതൽ 28– ാം തീയതി വരെയുള്ള ദിവസങ്ങളിൽ പരീക്ഷകൾ നടത്തുകയും ചെയ്തു. ഈ എഴുത്തു പരീക്ഷയിൽ 30% മാർക്ക് കരസ്ഥമാക്കാത്ത കുട്ടികൾക്ക് സ്കൂൾ തുറന്നതിനു ശേഷം 2025-26 അധ്യായന വർഷത്തിലെ ജൂൺമാസം ആദ്യത്തെ 2 ആഴ്ച ബ്രിഡ്ജ് കോഴ്സ് നടത്താൻ തീരുമാനിക്കുക ഉണ്ടായി ടൈം ടേബിൾ ചുവടെ ചേർക്കുന്നു.

| DATE | TIME | SUBJECT |
|---|---|---|
| 03-06-25 | 1pm-1.30pm | Basic Science |
| | 3.30pm -4pm | Malayalam |
| 04-06-25 | 1pm-1.30pm | Malayalam |
| | 3.30pm -4pm | Basic Science |
| 05-06-25 | 1pm-1.30pm | Malayalam |
| | 3.30pm -4pm | Basic Science |
| 09-06-25 | 1pm-1.30pm | Basic Science |
| | 3.30pm -4pm | Malayalam |
| 10-06-25 | 1pm-1.30pm | Malayalam |
| | 3.30pm -4pm | Basic Science |
| 11-06-25 | 1pm-1.30pm | Basic Science |
| | 3.30pm -4pm | Malayalam |
| 12-06-25 | 1pm-1.30pm | Malayalam |
| | 3.30pm -4pm | Basic Science |
| 13-06-25 | 1pm-1.30pm | Basic Science |
| | 3.30pm -4pm | Malayalam |



Scanned with OKEN Scanner

**ഉപസംഹാരം**

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വം ഉള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതി അനിവാര്യമാണ്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് നാടിന്റെ ജനകീയ വിദ്യാഭ്യാസം മുന്നേറ്റങ്ങളിൽ കൈകോർക്കുക എന്നത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും അക്കാദമിക മാസ്റ്റർ 2025- 26 ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു



Scanned with OKEN Scanner